**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2178** **14-10-2024 - ൽ മറുപടിയ്ക്ക്**

**ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികൾ പഠിക്കുന്ന സ്കൂളിലെ അദ്ധ്യാപകർക്ക് പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പി.എച്ച്.സി., എഫ്.എച്ച്.സി.യിലെ ഡോക്ടർമാർ വഴി, സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികൾ പഠിക്കുന്ന സ്കൂളിലെ അദ്ധ്യാപകർക്ക് പ്രസ്തുത കുട്ടികളെ കൈകാര്യം ചെയ്യുന്നതിനുള്ള വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ? | (എ) | ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികൾക്ക് സൗജന്യമായി ഇൻസുലിനും അനുബന്ധ ഉപകരണങ്ങളും നൽകുന്ന സാമൂഹിക നീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് 'മിഠായി പദ്ധതി'. ദിവസവും പലതവണ ഇൻസുലിൻ കുത്തിവെപ്പ് എടുക്കേണ്ടിവരുന്ന കുട്ടികൾക്ക് അധ്യയന സമയത്ത് ഇഞ്ചക്ഷൻ എടുക്കുന്നതിനുള്ള സൗകര്യം ചെയ്തു കൊടുക്കേണ്ടത് അതാത് സ്കൂളുകളും, ആയതിനുള്ള നിർദ്ദേശം ബഹുമാനപ്പെട്ട ബാലാവകാശ കമ്മീഷന്റെ നിർദ്ദേശപ്രകാരം സ്കൂളുകളിൽ അറിയിച്ചിട്ടുള്ളതുമാണ്. ടൈപ്പ് വൺ പ്രമേഹ രോഗികളുള്ള ക്ലാസുകളിലെ ടീച്ചർമാർക്ക് ഈ രോഗത്തെക്കുറിച്ചും അതിന് സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങളെ കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിന് ആരോഗ്യവകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. സ്കൂളുകളിൽ നിന്നും അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് ഈ പരിശീലനം ടീച്ചർമാർക്കും സ്കൂൾ അധികൃതർക്കും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ